# അന്തകനൂര്

■ ഗാർഗി ഹരിതകം



ഓരോ ചാവിനും എത്ര വേനണ്ടാവും
മേലെത്ര മുറിവ്ണ്ടാവും ന്നൊക്കെ
ഓനോട് ചോദിക്കായിനു;
ഞരമ്പുമുറിച്ച് ചത്താല്
കെണറ്റിൽ ചാടി മുങ്ങ്യാല്
വണ്ടിയിടിച്ച് മരിച്ചാല്
പിന്നെ വെഷം കുടിച്ചാല്
ഓരോന്നിനെക്കുറിച്ചും ഓന്
കദകള്ണ്ടേയ്നു പറയാനും.

അയിനെന്താ
ഓനല്ലേ ഓരോന്നോരോന്നായ്
ചെയ്ത് നോക്ക്യത്
എത്ര കാലാ ആസ്പത്രീല് കെടന്നത്
ഓരോന്നും കൈഞ്ഞാ ഓൻ പറയും
ഇനി കൈഞ്ഞ് ഇനില്ലാ
ന്ന്ട്ടും തീർന്നീലാ ഓന്റെ പ്രാന്ത്
ഞാൻ ചത്തത് ങ്ങള് കാണുമ്പോ
എനിക്ക് ചിറിക്കാനാന്നും പർഞ്ഞ്
എല്ലാരേം ഓൻ കരയിപ്പിച്ച്

ഇനി ഒരിക്കലും ചാവൂല്ലാന്ന്
എല്ലാർക്കും തോന്നി തുടങ്ങ്യതെയ്നു
അപ്പയാ ഒര് മയക്കാലത്ത്
കടലില് കാല് നനക്കാനെറങ്ങ്യത്
വിളിക്കാതെന്നെ ഓന്റന്തകൻ
ഒര് തെരയായി
ഓനെ കാണാൻ വന്നത്

സ്വന്തം പെണ്ണിന വിളിച്ചപോലെ
കൂട്ടിക്കൊണ്ടോയി കുളിപ്പിച്ച്
ഇപ്പൊ വേദനണ്ടോ ഇപ്പൊ സുഖണ്ടോ
ന്ന് ചോയ്ച്ച്
മീങ്കുട്ട്യോളുമ്മവെച്ച്
മുത്തുചിപ്പീം പവിഴപ്പുറ്റും
പല നിറത്തിലെ മീന്വോളും
വന്ന് കദയൊക്കെ പർഞ്ഞ്

ഇങ്ങനേം ചാവ് ണ്ടോ ഞാനറിഞ്ഞീല്ലല്ലോ
ഇത്രേം തണുപ്പ് ണ്ടോ ഞാൻ നെനച്ചീല്ലല്ലോ
ങ്ങക്ക് കാഴ്ച്യായി വെക്കാനും
കെട്ടിപ്പിടിച്ച് കരയാനുവൊന്നും
ന്റെ കടൽക്കാമുകന്റെ
വീട്ട്ന്ന് ഞാൻ വര്ന്നില്ലല്ലോ
ന്നും പർഞ്ഞോൻ ഒയ്കി ഒയ്കി
ഒയ്കിപ്പോയത്. ●

# ഒടുങ്ങുന്നതിൻ രസം

■ എൻ.ജി. ഉണ്ണികൃഷ്ണൻ

ആദ്യമായ് അവളെ കണ്ടപ്പോൾ
ആഗുദത്തിൽനിന്നും വേദനയുടെ ഒരു വാൾ
നട്ടെല്ലു പിളർന്ന്

നാലുമണിപ്പൂ വിരിയും പോലെ
എന്നൊക്കെ പറയാം
ആ സമയത്തായിരുന്നു
എന്നും അവളെ കണ്ടത്

നിനക്കു മൂലക്കുരുവായിരിക്കും
മോഹൻലാലിനുവരെ ഉണ്ടെടെ
കൂട്ടുകാരൻ പറഞ്ഞു

ആ വേദനയുടെ അവസാനം
ഒന്നിനുമാകാതെ
അവളെ കണ്ടപടി
നിന്നുപോകലാണ്
ഒന്നും പറയാനുമില്ലാതാവുക

അത് ആവർത്തിച്ചു

രണ്ടു മൂന്നു വർഷം
ഇതേ ചതിവ്

അപ്പോൾ മനസ്സിലായി
ഇവൾ തന്നെ എന്റെ പെണ്ണ്

കൂടെയുണ്ട്

മാറിയിരിക്കുന്നു
മക്കളും ചെറുമക്കളുമായി
വേറെ ഒരിനം ഈനാംപിച്ചി

വല്ലപ്പോഴും കള്ളുകുടിച്ചു
വരുമ്പോൾ
ഉള്ള
കൊള്ളിനോട്ടങ്ങളും ഇല്ലാണ്ടായി

ഇപ്പോൾ ആ വേദനയില്ല
വയറുനിറയെ
നെയ്ച്ചോറുണ്ട മന്ദിപ്പ്
സുഖമെന്നും പറയാം

ഉടലോടെ
എന്നെ
കെട്ടിയെടുക്കും വിമാനത്തിലും
ഞാൻ മുമ്പെ ഞാൻ മുമ്പെ
എന്നിടിച്ച് ഇടിച്ച് നിൽക്കുമിവൾ
എന്റെ പ്രിയ നായയെ
കേറ്റാനൊട്ടു സമ്മതിക്കയുമില്ല

കുത്തിച്ചത്താലും
പിരിയില്ലിവളെ
അതാണു കുഴപ്പം ●

